പുൽ കൃഷി

113 (824)പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. സി.എൻ ജയദേവൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. പി. രാജു: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും വ്യാപകമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് പുൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും വ്യാപകമാക്കുന്നതിനും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

(1) നടീൽ വസ്തുകൾ സൗജന്യ നിരക്കിൽ കർഷകർക്ക് എത്തിച്ചു കൊടുക്കുന്നു.

(2) ഫോഡർ നഴ്സറികൾ ഘട്ടംഘട്ടമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്ഥാപിച്ചു വരുന്നു.

(3) ഇടവിളയായി പുൽക്കൃഷി ചെയ്യുവാനായി കൃഷി ചെലവിന് ധനസഹായം നൽകുന്നു.

(4) പുൽക്കൃഷി പ്രചരിപ്പിക്കുവാനായി ആകർഷകമായ പരസ്യം, പഠനക്ലാസ്സുകൾ എന്നിവ നടത്തുന്നു.

(5) ആവശ്യപ്പെടുന്ന സംഘങ്ങൾക്ക് ഫോഡർ ബാങ്ക് സ്ഥാപിക്കുവാൻ ധനസഹായം നൽകി വരുന്നു.

വിതുര ജഴ്സി ഫാം

114 (825)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് വിതുര ജഴ്സി ഫാമിൽ ആടുവളർത്തൽ കേന്ദ്രം തുടങ്ങുന്നതിന് സർക്കാർ എന്നാണ് അനുമതി നൽകിയത്;

(ബി) ഇതിന്റെ പണി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) ഈ ഫാമിൽ സ്ഥിരമായി ഒരു ഡെപ്യൂട്ടി ഡയറക്ടറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ അനുമതി നൽകിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly